**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2925** — **13.03.2018- ൽ മറുപടിയ്ക്ക്**

**പച്ചക്കറികളുടെ വില നിലവാരം**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) പച്ചക്കറികളുടെ വില നിലവാരം പിടിച്ച് നിർത്തുന്നതിന് നിലവിൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു എന്ന് അറിയിക്കുമോ; | (എ) പച്ചക്കറികളുടെ വില നിലവാരം പിടിച്ച് നിർത്തുന്നതിനായി സംസ്ഥാനത്തെ കർഷകരിൽ നിന്നും പൊതു വിപണി വിലയേക്കാൾ 10% വിലകൂട്ടി നൽകി കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് ഹോർട്ടികോർപ്പിന്റെ 95 സ്വന്തം സ്റ്റാളുകളിലൂടേയും 253 ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടേയും 400-ഓളം സ്ഥാപനങ്ങളിലൂടേയും 15-ഓളം മൊബൈൽ യൂണീറ്റുകളിലൂടേയും വില്പന നടത്തിവരുന്നു. കൂടാതെ നാന്നൂറോളം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ ക്യാന്റീനുകളിലൂടേയും പൊതു വിപണി വിലയേക്കാൾ 10% മുതൽ 15 % വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. |
| (ബി) ഇതിലേയ്ക്കായി ഏതെല്ലാം ഏജൻസികൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ; | (ബി) ഹോർട്ടി കോർപ്പ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.കൂടാതെ VFPCK വിപണികൾ കൃഷി വകുപ്പിന്റേയും, കുടുംബശ്രീയുടേയും സംയുക്താഭിമുഖ്യത്തിലുള്ള ആഴ്ച ചന്തകൾ പച്ചക്കറിക്ലസ്റ്റർ ചന്തകൾ എന്നിവ പ്രവർത്തിച്ച് വരുന്നു. |
| (സി) ഇവയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (സി) ഹോർട്ടീകോർപ്പ് നിലവിലുള്ള 95 സ്വന്തം സ്റ്റാളുകളിലൂടെയും 253 ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടേയും നാന്നൂറോളം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയിലൂടെയും 15 മൊബൈൽ വില്പന യൂണീറ്റിലൂടേയും മിതമായ വിലയ്ക്ക് പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ അടുത്ത സാമ്പത്തിക വർഷം നൂറോളം ഹരിതാസ്റ്റാളുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ